പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1268 06.03.2018- ൽ മറുപടിയ്ക്ക്

## റബർ ബോർഡുമായി സഹകരിച്ച് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ.സുനിൽകുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) റബർ ബോർഡുമായി സഹകരിച്ച് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ കീഴിൽ ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ഘടകത്തിൽ പുതുതായി നട്ടുപിടിപ്പിച്ച റബ്ബർത്തോട്ടങ്ങളെക്കൂടി ഉൾപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കൃഷി വകുപ്പും, ധനകാര്യവകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി സ്കീം (ആർ.പി.ഐ.എസ്) ഈ പദ്ധതി മാത്രമാണ് റബ്ബർ ബോർഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. |
| (ബി) റബർ ബോർഡുമായി സഹകരിച്ച് ഇടവിളകളായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) റബർ ബോർഡുമായി സഹകരിച്ച് ഇടവിളകളായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി 42 ലക്ഷം സ്റ്റാഗേഡ് ക്ലസ്റ്റർ എന്ന ഘടകത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നിന്നും ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |

(സി) റബർ ടാപ്പിംഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിന് റബർ ബോർഡുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(സി) ഇല്ല.

(ഡി) റബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്തെ വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധനയും വിപണനവും മെച്ചപ്പെടുത്തുന്നതിന് കൃഷി വകുപ്പ് ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുമെന്ന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപനിധി (കിഫ്ബി) നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ് വിവിധ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി NABARD-ന്റെ സ്ഥാപനമായ NABCONs സിനെ കൊണ്ട് സാധ്യത പഠനം നടത്തിയിട്ടുണ്ട്. ഇത് കൂടാതെ സ്വഭാവിക റബ്ബർ അസംസ്കൃത വസ്തു ആയി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സിയാൽ (CIAL) മോഡൽ കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

Sreelatha

**സെക്ഷൻ ഓഫീസർ**